<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3049**</u> <u>**10-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സിനിമാ മേഖലയിലെ പരാതികൾ കേൾക്കാനും പരിഹാരം കാണുന്നതിനും പ്രത്യേക ട്രൈബ്യൂണൽ സ്ഥാപിക്കണമെന്ന ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (എ) | ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കേന്ദ്ര ആക്ടുകൾക്ക് വിരുദ്ധമാകാതെ സിനിമാ, സീരിയൽ മേഖലയിലെ സ്ത്രീകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക നിയമ നിർമ്മാണത്തിലൂടെ ഒരു സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരിക്കുന്നത് സർക്കാർ പരിശോധിച്ചു വരുന്നു. ട്രൈബ്യൂണൽ ഏതൊക്കെ വിഷയം കൈകാര്യം ചെയ്യുമെന്ന കാര്യത്തിൽ വ്യക്തത വരുത്തിയ ശേഷം ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുന്നതാണ്. അതിനായി ചീഫ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി എന്നിവരെ ആ മേഖലയിലെ വിദഗ്ധരുമായി കൂടിയാലോചിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ, ലേബർ കമ്മീഷണർ, പോലീസ് ഡി.ഐ.ജി, സാംസ്കാരികകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി എന്നിവരുൾപ്പെട്ട ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ